ഉത്തരം

(എ) 1886-ലെ മുല്ലപ്പെരിയാർ നദീജലകരാറിൽ മുല്ലപ്പെരിയാറിലെ ജലം ഡാമിൽ നിന്ന് തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് തിരിച്ചുവിട്ട് മധുര ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ജലസേചനം നടത്താനായിട്ടാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) 29-5-1970-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച പെരിയാർ ജല വൈദ്യുത അനുബന്ധകരാർ അനുസരിച്ച് തമിഴ്നാടിന് പെരിയാർ ജല സംഭരണിയിലെ വെള്ളമുപയോഗിച്ച് പെരിയാർ വൈദ്യുത നിലയത്തിൽ ഏതാവശ്യത്തിനുവേണ്ടിയും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) 1986-ലെ കരാർ പ്രകാരം നൽകിയ വെള്ളമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിക്കുന്നതിനുള്ള മദ്രാസ് സർക്കാരിന്റെ അവകാശം സംബന്ധിച്ച് തിരുവിതാംകൂർ, മദ്രാസ് സർക്കാരുകൾ തമ്മിൽ തർക്കം ഉടലെടുത്തപ്പോൾ, കരാറിലെ വ്യവസ്ഥപ്രകാരം ഈ തർക്കം ആർബിട്രേറ്റർമാർക്ക് വിട്ടു. ആർബിട്രേറ്റർമാർക്ക് ഒത്തുതീർപ്പിലെത്താൻ കഴിയാതിരുന്നതിനാൽ പ്രശ്നം അമ്പയർക്ക് വിടുകയും അമ്പയറുടെ 12-5-1941-ലെ അന്തിമ വിധി പ്രകാരം പാട്ടക്കാരന് ജലസേചനത്തിനും, ജലസേചനത്തിനുവേണ്ടി വൈദ്യുതി ഉൽപ്പാദിപ്പിക്കാനും മാത്രമേ അവകാശമുള്ളൂവെന്ന് തീർപ്പാക്കുകയും ചെയ്തു.

(ഡി) മുല്ലപ്പെരിയാർ ജലം ഉപയോഗിച്ച് തമിഴ്നാട് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

എമിഗ്രേഷൻ ആക്ട് ഭേദഗതി

70 [2500] *ശ്രീ. മഞ്ഞളാംകുഴി അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് ജോലിക്ക് പോകുന്നതിന് എമിഗ്രേഷൻ വ്യവസ്ഥകളിൽ വന്ന മാറ്റങ്ങളും അതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള എമിഗ്രേഷൻ വ്യസ്ഥകളിലെ പഴുതുകൾ ഉപയോഗിച്ച് എമിഗ്രേഷൻ ആഫീസുകളിൽ വൻതോതിൽ കൈക്കൂലിയും അഴിമതിയും നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എമിഗ്രേഷൻ ആക്ടിലെ ഭേദഗതി പിൻവലിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സെൻട്രൽ മാൻ പവ്വർ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ രൂപീകരണം, ഇൻഡ്യൻ ഓവർസീസ് വർക്കേഴ്സ് വെൽഫയർ ഫണ്ട് സ്വരൂപിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനായി എമിഗ്രേഷൻ (അമന്റ്മെന്റ്) ബിൽ, 2002

LIBRARY ARCHIVES Kerala Legislative Assembly

പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ 13-ാം ലോക്സഭ പിരിച്ചുവിട്ടതിനാൽ ഇത് പാസ്സാക്കുവാനായില്ല.

(ബി) പരാതിയൊന്നും ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രവാസികൾക്കായി ഇൻഷ്വറൻസ് പദ്ധതി

71 [2501] *ശ്രീ. ടി. എം. ജേക്കബ്:*
,, *ജോണി നെല്ലൂർ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ഷിബു ബേബി ജോൺ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്രപേർ ഇതിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട് എന്നും, എത്ര രൂപയാണ് സഹായം നൽകിയത് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ സഹായം ലഭിച്ചവരുടെ പേരുവിവരവും വിലാസവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) — (ഡി) വിവരം ശേഖരിച്ചു വരുന്നു.

നോർക്കയിലൂടെ വിദേശമലയാളികൾക്ക് നൽകിവരുന്ന സഹായങ്ങൾ

72 [2502] *ശ്രീ. ചെർക്കളം അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നോർക്കയിലൂടെ സർക്കാർ നൽകിവരുന്നത് എന്ന് വിശദമാക്കുമോ;

(ബി) മറുനാടൻ മലയാളികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു?

ഉത്തരം

(എ) വിദേശ മലയാളികൾക്കായി നോർക്ക നടത്തിവരുന്ന സേവനങ്ങൾ ഇപ്രകാരമാണ്. തൊഴിൽ വിസയുടെ നിജസ്ഥിതി അന്വേഷിച്ചറിയുക, വിദേശത്ത് കാണാതായവരെ അന്വേഷിച്ചു കണ്ടെത്തി നാട്ടിലെത്തിക്കുക, കള്ളക്കേസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly